നിയമസഭ 2014 ജനുവരി മാസം 24–ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## ധനകാര്യം

### 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ്

മി. സ്പീക്കർ: 2013-14 സാമ്പത്തിക വർഷത്തേ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകുടെ സ്റ്റേറ്റ്മെന്റും 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകളും ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിക്ക് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2013-14 സാമ്പത്തിക വർഷത്തേ ബഡ്ജറ്റിലേയ്ക്കുള്ള അവസാന ബാച്ച് ഉപധനാഭ്യർത്ഥനയുടെയും 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 എന്നീ സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള അധിക ധനാഭ്യർത്ഥന കളുടെയും സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ധനമന്ത്രി അങ്ങേയ്ക്ക് 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. കെ എം. മാണി</u>: സർ, 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റ് മഹനീയമായ ഈ സഭയ്ക്ക് മുൻപാകെ ഞാൻ അവതരിപ്പിക്കുന്നു

(ബഡ്ജറ്റ് അവതരണം)

<u>ശ്രീ. കെ. എം. മാണി</u>: സർ, അച്ചടിച്ച ഈ പ്രസംഗത്തിൽ ഏതെങ്കിലും ഭാഗം എങ്ങനെയെങ്കിലും ആകസ്മികമായി വിട്ടുപോയിട്ടുണ്ടെങ്കിൽ അത് വായിച്ചതായി പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റ് ഉപസംഹരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ധനമന്ത്രി, അങ്ങേയ്ക്ക് നാലു മാസത്തെ വോട്ട് ഓൺ അക്കൗണ്ട് കൂടി അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. കെ. എം. മാണി</u>: സർ, 2014-15 സാമ്പത്തിക വർഷത്തെ ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള നാലു മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് ഞാൻ അവതരിപ്പിക്കുന്നു. 2014-15 മുതൽ 2016-17 വരെയുള്ള മീഡിയം ടേം ഫിസ്കൽ പ്ലാനോടുകൂടിയ Medium Term Fiscal Policy Statement-ഉം Medium Term Fiscal Strategy Statement-ഉം ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ അംഗങ്ങൾക്കും മാധ്യമപ്രതിനിധികൾക്കും ഇപ്പോൾ സഭയിൽ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റിന്റെ വിശദമായ രേഖകൾ അടങ്ങിയ കെട്ടുകൾ അംഗങ്ങൾക്ക് നിയമസഭാ ഹോസ്റ്റലിലെ മുറികളിലും മാധ്യമപ്രതിനിധികൾക്ക് ടേബിൾ അണ്ടർ സെക്രട്ടറിയുടെ 407–ാം നമ്പർ മുറിയിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു)

മി. സ്പീക്കർ : ഓർഡർ..... ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 24-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.34 മണിക്ക് പിരിഞ്ഞു)